**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 486** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്ത് പുതിയ ഐ. ടി . പാർക്കുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ്
മന്ത്രി)

**(എ)** സംസ്ഥാനത്ത് പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ നയം വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്ത് ലഭ്യമായ ഐ.ടി/ഐ.ടി അനുബന്ധ സ്പേസ് മൂന്നിരട്ടിയാക്കുന്നതിനും ഐ.ടി. വികസനം വികേന്ദ്രീകൃതമായി വ്യാപിപ്പിക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**(ബി)** ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

**<u>മറുപടി:</u>** ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം തിരഞ്ഞെടുക്കുമ്പോൾ പാലിക്കേണ്ട പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- പൊതുഗതാഗത സൗകര്യങ്ങളും വികസിതമായ സാമൂഹിക അടിസ്ഥാന സൗകര്യങ്ങളും (പാർപ്പിടം, സ്കൂളുകൾ, ആശുപത്രികൾ, വാണിജ്യകേന്ദ്രങ്ങൾ) ലഭ്യമായ പ്രധാന നഗരങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളാണ് ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്ക് ഏറ്റവും അനുയോജ്യം. ദേശീയപാത, റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം എന്നിവയിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയണം.
- പരിശീലനം ലഭിച്ച പ്രൊഫഷണലുകളുടെ ലഭ്യതയും, അവർക്ക് ദിവസേന ബുദ്ധിമുട്ടില്ലാതെ വന്നുപോകാൻ കഴിയുന്ന ഗതാഗത സൗകര്യങ്ങളും ഉണ്ടായിരിക്കണം.
- ഭൂമി ഏറ്റെടുക്കൽ ചെലവും പുനരധിവാസ ചെലവുകളും പദ്ധതിയുടെ സാമ്പത്തിക ലാഭക്ഷമതയെ ബാധിക്കാത്ത വിധത്തിലും, ഉയർന്ന മൂലധനച്ചെലവ് വാടക വരുമാനത്തിലൂടെ തിരിച്ചുപിടിക്കാൻ കഴിയുന്നതുമായിരിക്കണം.

സ്വകാര്യ ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ:

- ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് ചുരുങ്ങിയത് 20 ഏക്കർ ഭൂമി അപേക്ഷകന്റെ പേരിൽ സ്വന്തമായോ ലീസ് വ്യവസ്ഥയിലോ ഉണ്ടായിരിക്കണം. ഇത് 10 ഏക്കർ ആയി ചുരുക്കുന്നത് പരിഗണനയിൽ ഉണ്ട്.

- നിർദ്ദിഷ്ട ഭൂമി 'കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം, 2008' പ്രകാരമുള്ള തണ്ണീർ തടം ആയിരിക്കാൻ പാടില്ല.
- ഇത്തരം പാർക്കുകളിലെ ആകെ ഭൂമിയുടെ കുറഞ്ഞത് 70% ഐ.ടി. കെട്ടിടങ്ങൾക്കും (IT Buildings / Processing Area) കോർ പ്രവർത്തനങ്ങൾക്കുമായി മാറ്റിവെക്കണം.

**(സി)** കുട്ടനാട് നിയോജക മണ്ഡലത്തിൽ ഒരു ഐ.ടി.പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കേണ്ട തുടർ നടപടികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പ്രസ്തുത അപേക്ഷ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**